# മനുഷ്യജീവനോ നായ്ക്കളുടെ സുരക്ഷയോ വലുത്?


**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
**കോതമംഗലം ബിഷപ്**


പൂച്ചയ്ക്കാരു മണികെട്ടും എന്ന ചോദ്യത്തിന് ഇപ്പോൾ പ്രസക്തിയില്ല. തെരുവുനായ്ക്കൾ നാടുവിറപ്പിച്ച് അഴിഞ്ഞാടുമ്പോൾ പൂച്ചയുടെ കാര്യം വിടാം. ഈ തെരുവുനായ്ക്കളുടെ പ്രശ്നം എങ്ങനെ പരിഹരിക്കും എന്നതാണ് ഇപ്പോഴത്തെ വിഷയം. ഒരു മണികെട്ടിയാൽ തീരുന്ന പ്രശ്നമായിരുന്നെങ്കിൽ കുഴപ്പമില്ലായിരുന്നു. നിയമം മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ നിയമത്തിനുവേണ്ടിയല്ല എന്ന സാമാന്യതത്ത്വം ചില തത്പരകക്ഷികളുടെ ദുശ്ശാഠ്യത്തിനും താത്പര്യങ്ങൾക്കും വേണ്ടി ബലികഴിക്കപ്പെട്ടു എന്ന വസ്തുത എടുത്തുപറയാതെ വയ്യ.

സാമാന്യജനത്തിന് ഉപദ്രവകാരികളായി മാറുന്ന നായ്ക്കളെ കൊന്നുകളയാമോ എന്നതാണ് ഇപ്പോഴത്തെ ചർച്ചാവിഷയം. മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിന് 1960-ൽ രൂപം കൊടുത്ത പ്രൊട്ടക്ഷൻ ഓഫ് ക്രൂവൽറ്റി ടു ആനിമൽസ് ആക്ട് അനുസരിച്ച് പേപിടിച്ചു മാരകമായ രോഗം ബാധിച്ചതോ മാരകമായ മുറിവേറ്റതോ ആയ നായ്ക്കളെ മാത്രമേ കൊന്നുകളയാൻ അനുവാദമുള്ളൂ. ഉപദ്രവകാരികളായി അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊന്നുകളയുന്നതിന് അനുമതി നൽകി കഴിഞ്ഞ ഡിസംബർ 20-ന് ബോംബെ ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിനെതിരേ സുപ്രീംകോടതിയിൽ നിലവിലുള്ള കേസിൽ ഇതുവരെ തീരുമാനം ആയതായി അറിവില്ല.

മൃഗക്ഷേമ ബോർഡ് (ആനിമൽ വെൽഫെയർ ബോർഡ്) ആണു ഹൈക്കോടതി വിധിക്കെതിരേ സുപ്രീംകോടതിയെ സമീപിച്ചിട്ടുള്ളത്. ബോർഡിനെ പ്രതിനിധീകരിച്ച സീനിയർ അഭിഭാഷകനായ ആനന്ദ് ഗ്രോവർ വാദിക്കുന്നത് ഉപദ്രവം എന്നുപറയുന്നതു വസ്തുനിഷ്ഠമായി വിലയിരുത്താൻ സാധിക്കുകയില്ല എന്നതാണ്. ചില നായ്ക്കളുടെ കുരപോലും ഉപദ്രവമായോ ശല്യമായോ തോന്നിയേക്കാം. കുരയ്ക്കുന്നു എന്ന കാരണത്താൽ ഇവയെ കൊന്നുകളയാൻ പാടില്ല എന്നാണു സീനിയർ അഭിഭാഷകരായ നരിമാനും അന്ത്യാർജുനയുമൊക്കെ വാദിച്ചത്.

അക്രമകാരികളായി മാറുന്ന നായ്ക്കളെപ്പോലും പിടിച്ചു വന്ധ്യംകരണം നടത്തുക എന്നതല്ലാതെ അവയെ കൊന്നുകളയാൻ നിയമം അനുവദിക്കുന്നില്ല എന്നു നരിമാനെപ്പോലെയുള്ള സീനിയർ അഭിഭാഷകർ വാദിക്കുമ്പോൾ നായ്ക്കളുടെ സുരക്ഷ മനുഷ്യന്റെ ജീവിക്കാനുള്ള അവകാശത്തേക്കാൾ വലുതാണെന്ന പ്രതീതിയാണുണ്ടാക്കുന്നത്. ജീവിക്കാനുള്ള അവകാശം ഒരു മൗലികാവകാശമായി ഇന്ത്യൻ ഭരണഘടന അനുവദിച്ചിട്ടുള്ളതാണ്. പൗരന്മാർക്കു സുരക്ഷിതമായി ജീവിക്കാനുള്ള സാഹചര്യം സർക്കാർ ഉറപ്പുനൽകിയിട്ടുണ്ട് എന്നതു ജനങ്ങളുടെ മൗലികാവകാശത്തിൽപ്പെട്ട കാര്യമാണെന്നു മൃഗങ്ങളുടെ ജീവനും സുരക്ഷയ്ക്കും വേണ്ടി വാദിക്കുന്നവർ മറുന്നുപോകുന്നതുപോലെ തോന്നുന്നു.

മൃഗങ്ങളെ അനാവശ്യമായി ഉപദ്രവിക്കുന്നതും കൊന്നുകളയുന്നതും ന്യായീകരിക്കുകയല്ല, അത് എതിർക്കപ്പെടേണ്ടതു തന്നെയാണ്. പക്ഷേ, സാമാന്യജനത്തിനു ഭീഷണിയായി അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ സംരക്ഷിച്ചിട്ട് എന്തു നേട്ടമാണ് ഈ മൃഗസ്നേഹികൾക്ക് ഉണ്ടാകുന്നതെന്നു മനസിലാകുന്നില്ല. വളർത്തുമൃഗമാണെങ്കിൽ കഴുത്തിൽ ബെൽറ്റിട്ട് സൂക്ഷിക്കുകയെന്നത് ഉടമസ്ഥന്റെ കടമയാണ്. കാട്ടുമൃഗങ്ങളെപ്പോലെ നാട്ടിൽ അഴിഞ്ഞാടാൻ നായ്ക്കളെ അനുവദിക്കണോ വേണ്ടയോ എന്നു ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഓമനത്വമുള്ള നായ്ക്കളെ മാറോടു ചേർത്തു താലോലിക്കുന്ന ഫോട്ടോ സോഷ്യൽ മീഡിയയിൽ പോസ്റ്റു ചെയ്തു മൃഗസ്നേഹി എന്ന അഭിധാനം സ്വയം ചാർത്തി സന്തോഷിക്കുന്നവരും ഉപദ്രവകാരികളായി അലഞ്ഞുനടക്കുന്ന നായ്ക്കളുടെ ഭീഷണി നേരിടുന്നവരല്ല. അവർക്കൊക്കെ സ്വന്തമായി വാഹനമുണ്ട്. മന്ത്രിയാണെങ്കിൽ പ്രത്യേക സുരക്ഷയുണ്ട്. റോഡരികിൽ ബസു കാത്തുനിൽക്കുന്ന സാധാരണക്കാരും നാട്ടിൻപുറത്തു ജീവിക്കുന്നവരും പ്രത്യേക സുരക്ഷയോ പോലീസ് അകമ്പടിയുള്ള കവചിത വാഹനങ്ങളോ ഇല്ലാതെ റോഡിലൂടെ നടക്കുന്നവരുമാണു പലപ്പോഴും നായ്ക്കളുടെ ആക്രമണത്തിന് ഇരയാകുന്നത്.

അടുത്തയിടെ മൂവാറ്റുപുഴയിലും പരിസരപ്രദേശങ്ങളിലുമായി തെരുവുനായ്ക്കളുടെ ആക്രമണത്തിനിരയായവരുടെ കാര്യം പരിശോധിച്ചാൽ ഇതു വ്യക്തമാകും. ചെവി കടിച്ചെടുത്താലും കഴുത്തിനു കടിച്ചു കൊന്നാലും നായ്ക്കളെ തല്ലിക്കൊല്ലാതെ രക്തസാമ്പിളെടുത്തു പരിശോധിച്ചു പേയുണ്ടോയെന്ന് ഉറപ്പുവരുത്തണമെന്നു പറയുന്നത് അനാവശ്യമായി നിയമത്തെ വളച്ചൊടിക്കലാണ്. മനുഷ്യജീവനു പട്ടിയുടെ ജീവനേക്കാൾ വിലയുണ്ടെന്നു തിരിച്ചറിയാത്തവരാണോ ഇവിടെ കുട്ടികളുടെയും സ്ത്രീകളുടെയും ഉന്നമനത്തിനുവേണ്ടിയുള്ള മന്ത്രാലയത്തിന്റെ തലപ്പത്തിരിക്കുന്നത് എന്നു തോന്നിപ്പോകുന്ന രീതിയിലാണ് അടുത്തനാളുകളിലുണ്ടായ നടപടികൾ.

ന്യൂയോർക്കിലും ഡൽഹിയിലും മുംബൈയിലും മണിമന്ദിരങ്ങളിൽ കഴിയുന്നവർ സാധാരണക്കാരുടെ പ്രശ്നങ്ങൾ മനസിലാക്കാതെ നിയമങ്ങൾ ഉണ്ടാക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന വിപത്തുകൾ ചിന്തിക്കാവുന്നതേയുള്ളൂ. ഇവിടെ അടിയന്തര നടപടികൾ ഉണ്ടാകണമെന്നതാണു പ്രധാനപ്പെട്ട കാര്യം. നാടിനെ വിറപ്പിച്ചു നാട്ടുമൃഗങ്ങളും കാട്ടുമൃഗങ്ങളും അരങ്ങ് തകർക്കുമ്പോൾ ജനത്തിന്റെ സുരക്ഷ ഉറപ്പുവരുത്തേണ്ടവർ നിയമവും പറഞ്ഞു കൈയും കെട്ടി നോക്കിയിരിക്കുന്ന പരസ്യമായ നിയമലംഘനത്തിനെതിരേ സാമാന്യ ജനം ജീവൻ പണയം വച്ച് ഇറങ്ങിത്തിരിക്കേണ്ട അവസ്ഥ ഇവിടെ ഉണ്ടായേക്കാം. മനുഷ്യരെ സ്നേഹിക്കണോ മനുഷ്യരെക്കാൾ മൃഗങ്ങളെ സ്നേഹിക്കണോ എന്നതൊക്കെ ഓരോരുത്തരുടെയും വ്യക്തിപരമായ കാര്യമാണ്. പക്ഷേ, ചിലരുടെ അതിരുകവിഞ്ഞ മൃഗസ്നേഹം സാധാരണക്കാരന്റെ ജീവനു ഭീഷണിയായി മാറുന്ന സാഹചര്യം അനുവദിച്ചുകൂടാ.

ഇക്കാര്യത്തിൽ സാമാന്യബുദ്ധിക്കു നിരക്കുന്ന ന്യായങ്ങളും വാദങ്ങളും നമുക്ക് അംഗീകരിക്കാം. അല്ലാതെ മണിക്കൂറിൽ ലക്ഷങ്ങൾ ഫീസ് വാങ്ങുന്ന അഭിഭാഷകരെ കൂട്ടുപിടിച്ചു മൃഗങ്ങൾക്ക് അനുകൂലമായി നിയമമുണ്ടാക്കുകയും മനുഷ്യന്റെ സുരക്ഷ പരിഗണനാവിഷയമാക്കാതിരിക്കുകയും ചെയ്യുന്ന പ്രവണത എതിർക്കപ്പെടേണ്ടതാണ്. ഇങ്ങനെ ചെയ്യുന്ന തത്പരകക്ഷികൾക്കും അവരുടെ ഗൂഢലക്ഷ്യങ്ങൾക്കുമെതിരേ ജാഗ്രത പുലർത്തിയില്ലെങ്കിൽ നമ്മുടെ പട്ടണങ്ങളും നാട്ടിൻ പുറവും ആക്രമണകാരികളായ നാട്ടുമൃഗങ്ങളുടെയും കാട്ടുമൃഗങ്ങളുടെയും വിഹാര കേന്ദ്രമായി മാറുമെന്ന കാര്യത്തിൽ സംശയമില്ല.